**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 6648 01.11.2011 ൽ മറുപടിക്ക്

## വെള്ളക്കര വർദ്ധനവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം കൂട്ടുന്നതു സംബന്ധിച്ച് വാട്ടർ അതോറിററി ബോർഡ് യോഗം സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ; ജല അതോറിററി സർക്കാരിന് നൽകിയ ശുപാർശപ്രകാരം വെള്ളക്കരം വർദ്ധിപ്പിക്കേണ്ടതിന് എന്തു കാരണമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത് ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം കൂട്ടുന്നത് സംബന്ധിച്ച് വാട്ടർ അതോറിററി ബോർഡ് യോഗം സർക്കാരിന് 16.10.2011 ൽ ശുപാർശ നൽകിയിട്ടുണ്ട്. റവന്യൂ വരുമാന വർദ്ധനവിനും,ആനുപാതികമല്ലാത്ത ഉൽപ്പാദന പ്രവർത്തന ചിലവുകളിലെ വർദ്ധനവിനും, ഇലക്ട്രിസിററി, ഒ & എം. ചിലവുകൾ മുതലായ കാരണങ്ങളാണ് ചൂണ്ടികാണിച്ചിട്ടുള്ളത് |
| (ബി) | ഇപ്പോൾ വാട്ടർ അതോറിററി മുഖേനയുള്ള കുടിവെള്ളത്തിന് നൽകുന്ന ചാർജ് എന്നു മുതലാണ് ഈടാക്കി വരുന്നത് ; | (ബി) | 01.09.2009 മുതലാണ് ഈടാക്കി വരുന്നത് |
| (സി) | വാട്ടർ അതോറിററിയ്ക്ക് എത്ര തുകയാണ് ഇനിയും പിരിഞ്ഞു കിട്ടാനുള്ളത് ? | (സി) | വാട്ടർ അതോറിററിയ്ക്ക് 89827.96 ലക്ഷം രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |

സെക്ഷൻ ഓഫീസർ